TUESDAY 18.06.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/06/2024

1. 2024 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിൽ കൃഷിനാശനഷ്ടമുണ്ടായ കർഷകർക്ക് AIMS പോർട്ടലിൽ അപേക്ഷിക്കാനുള്ള സമയപരിധി ജൂൺ 30 (30.06.2024) വരെ നീട്ടി കൃഷിഡയറക്ടർ ഉത്തരവിട്ടു. കർഷകർക്ക് അതാത് കൃഷിഭവനിലെ FIR (പ്രഥമ വിവര റിപ്പോർട്ട്) പ്രകാരം AIMS പോർട്ടൽ മുഖേന ഉഷ്ണതരംഗം കാരണമുണ്ടായ കൃഷിനാശനഷ്ടത്തിന് അപേക്ഷിക്കാവുന്നതാണ്.

2. മഞ്ചേരിയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയുടെ (വി.എഫ്.പി.സി.കെ) ജില്ലാ ഓഫീസിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, ഉത്പാദന ഉപാധികൾ, കൂൺ വിത്തുകൾ എന്നിവ ലഭിക്കുമെന്ന് വി.എഫ്.പി.സി.കെ ട്രെയിനിങ് റവന്യൂ ജില്ലാ മാനേജർ അറിയിച്ചു. മണ്ണ്, വളങ്ങൾ എന്നിവ പരിശോധന നടത്തുന്നതിന് വി.എഫ്.പി.സി.കെ ലാബിൽ സൗകര്യമൊരുക്കിയിട്ടുണ്ടെന്നും ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0483 276 8987,94479 84455 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. മത്സ്യത്തൊഴിലാളികൾക്ക് 2024-25 വർഷം സ്ക്വയർ മെഷ് കോഡ് എൻ്റ് വിതരണം ചെയ്യുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. യൂണിറ്റിന് 16,000 രൂപ വില വരുന്ന ഫിഷ് കോഡ് എൻ്റ്, ഷ്രിം കോഡ് എൻ്റ് എന്നിവ 50 ശതമാനം സബ്സിഡിയോടുകൂടിയാണ് വിതരണം ചെയ്യുന്നത്. ബോട്ടിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം. താൽപര്യമുള്ളവർ ജൂൺ 30നകം അതത് മത്സ്യഭവനുകളിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോറം മത്സ്യഭവനുകളിൽ ലഭിക്കും. ഫോൺ: 0497 2731081.

4. മൃഗസംരക്ഷണവകുപ്പ് മുഖേന മലപ്പുറം ജില്ലയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ ബ്ലോക്കിലേക്ക് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജനെ നിയമിക്കുന്നു. ബി.വി.എസ്.സി ആന്റ് എ.എച്ച് യോഗ്യതയും വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമുള്ളവർ 2024 ജൂൺ 19 ന് രാവിലെ 10.30 ന് ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫിസിൽ അഭിമുഖത്തിനു ഹാജരാവണം. സെൻറർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന നിയമനം വരുന്നതുവരെയോ അല്ലെങ്കിൽ 90 ദിവസത്തേയ്ക്കോ ആയിരിക്കും നിയമനം. ഫോൺ 0483 2734917.

5. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളേജുകളിൽ/ കേന്ദ്രങ്ങളിൽ അധ്യയന വർഷത്തേക്ക് Ph. D, Masters, Integrated programme, PG Diploma, Diploma.കോഴ്സുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 30.06.2024 വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക .കൂടുതൽ അന്വേഷണങ്ങൾക്ക് 0487 2438139, 2438143 എന്നീ ഫോണ നമ്പരുകളിൽ ബന്ധപ്പെടുക.

6. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ജൂൺ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരളസർക്കാർ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (പി.എം.എം.എസ്.വൈ) പദ്ധതിയുടെ ഘടക പദ്ധതികളായ ബയോഫ്ളോക്ക് (എസ്.സി-1), മീഡിയം ഓർണമെൻറൽ ഫിഷ് റിയറിങ് യൂണിറ്റ് (ജി), മത്സ്യ സേവന കേന്ദ്ര (ജി), മത്സ്യവിപണനത്തിനുള്ള മോട്ടോർ സൈക്കിൾ വിത്ത് ഐസ്ബോക്സ് എന്നിവയിലേക്ക് താൽപര്യമുള്ള കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ജൂൺ 19 ന് മുമ്പായി രേഖകൾസഹിതം അതത് മത്സ്യഭവനുകളിലോ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലായത്തിലോ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0494-2666428.

8. അന്താരാഷ്ട്ര MSME ദിനാചരണത്തിൻറെ ഭാഗമായി കേന്ദ്ര MSME മന്ത്രാലയത്തിന്റെ കീഴിൽ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന MSME -ഡെവലൊപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ് 2024 ജൂൺ 27-ാം തീയതി ഓഫീസ് അങ്കണത്തിൽ വെച്ച് സെമിനാർ സംഘടിപ്പിക്കുന്നു. ജൂൺ 25 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് - എം എസ് എം ഇ -ഡെവലപ്മെന്റ് & ഫെസിലിറ്റേഷൻ ഓഫീസ്, കാഞ്ഞാണി റോഡ്, അയ്യന്തോൾ പി. ഒ; തൃശ്ശൂർ -680003. 0487-2360536, 2360686, 2360216, 8330080536; ഇ -മെയിൽ - dcdi-thrissur@dcmsme.gov.in